ഉത്തരം

(എ) ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയിൽ എന്തെങ്കിലും ക്രമക്കേട് നടന്നതായി പരാതി ലഭിച്ചിട്ടില്ല. ചാനൽ വാർത്തയിൽ പരാമർശിക്കുന്ന ശ്രീമതി ബിന്ദു. എസ്, വേടർകോണം, നടുക്കാട് നരുവാമൂട് പി.ഒ. എന്നയാളിന് പഞ്ചായത്ത് ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധയിൽപ്പെടുത്തി 39.85 ച. മി. വിസ്തീർണ്ണത്തിൽ ഒരു വീട് നിർമ്മിക്കുന്നതിലേക്കായി 16-4-2010 തീയതിയിലെ 347/10-11 നമ്പരായി ഒരു ബിൽഡിംഗ് പെർമിറ്റ് പഞ്ചായത്ത് നൽകിയിട്ടുള്ളതും 5-6-2010-ൽ തദ്ദേശസ്വയംഭരണ വകുപ്പ് ഓവർസീയർ ബിന്ദു എസ്. എന്നയാൾക്ക് 39.84 ച.മി. വിസ്തീർണ്ണത്തിൽ ഫൗണ്ടേഷൻ & ബേസ്മെന്റ് പൂർത്തിയാക്കിയതായി ടെക്നിക്കൽ സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതുമാണ്. പ്രസ്തുത കെട്ടിടത്തിന്റെ പണി പൂർത്തിയാക്കി 21-8-2010-ൽ അവസാനഗഡു തുക ഗുണഭോക്താവ് കൈപ്പറ്റിയിട്ടുണ്ട്. ഈ കെട്ടിടം കൂടുതൽ മുറികളോടെ എക്സ്റ്റൻഷൻ പണികൾ നടത്തിയിട്ടുള്ളതായി 2010 നവംബർ മാസത്തിൽ ഒരു ചാനൽ വാർത്ത വന്നിട്ടുള്ളതായി പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി ഇപ്പോൾ അറിയിച്ചിട്ടുണ്ട്. അതിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(ബി) അനർഹരായ ഗുണഭോക്താക്കൾ പദ്ധതിയിൽ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇ.എം.എസ് ഭവന നിർമ്മാണ പദ്ധതിയുടെ പള്ളിച്ചൽ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ വിഇഒ-യാണ് പദ്ധതി നടത്തിപ്പിൽ അഴിമതി കാണിച്ചു എന്നുള്ള ഏതെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയിൽ അനർഹരായവരെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) അനർഹരായവർക്ക് ആനുകൂല്യം ലഭിച്ചിട്ടില്ല എന്നത് ചൂണ്ടിക്കാട്ടിയാൽ നടപടി സ്വീകരിക്കുന്നതാണ്.

ഇ.എം.എസ്. ഭവന പദ്ധതി

169 (1639) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇ.എം.എസ്. ഭവന പദ്ധതിയിൽ തൃശ്ശൂർ ജില്ലയിൽ എത്ര വീടുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ബി) മണലൂർ നിയോജകമണ്ഡലത്തിൽ ഇ.എം.എസ്. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകളുടെ എണ്ണം സംബന്ധിച്ച പഞ്ചായത്തുതല വിശദാംശം ലഭ്യമാക്കുമോ ;

(സി) പദ്ധതിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം പഞ്ചായത്തുകളിൽ 24874 ഭവനരഹിതരെ തെരഞ്ഞെടുത്തിട്ടുണ്ട്. നഗരസഭയെ സംബന്ധിക്കുന്ന വിവരം ശേഖരിച്ചുവരുന്നു.

(ബി) മണലൂർ നിയോജക മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഇ.എം.എസ്. ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയ വീടുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

പഞ്ചായത്തിന്റെ പേര്	ലക്ഷ്യമിട്ട വീടുകൾ
ചൂണ്ടൽ	273
കണ്ടാണശ്ശേരി	66
എളവള്ളി	89
മുല്ലശ്ശേരി	80
അരിമ്പൂർ	137
മണലൂർ	175
വാടാനപ്പള്ളി	47
വെങ്കിടങ്ങ്	147
പാവറട്ടി	115
ആകെ	1129

(സി) തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ ആകെ 15166 ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിനായി കരാറിൽ ഏർപ്പെടുകയും ഇതിൽ 5869 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 9297 വീടുകൾക്ക് ഒന്നാം ഗഡു സബ്സിഡി തുക നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കായി 3-1-2011 വരെ 503607813 രൂപ ചെലവഴിച്ചിട്ടുണ്ട്. നഗരസഭ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിലെ ജനറൽ മാനേജർ തസ്തിക

170 (1640) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഞ്ചിക്കോട് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ കഴിഞ്ഞ മൂന്നുവർഷമായി ജനറൽ മാനേജർ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രൊമോഷൻ പോസ്റ്റായിരുന്ന ജനറൽ മാനേജർ തസ്തിക തുടർന്നും ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രൊമോഷനുവേണ്ടി നീക്കിവയ്ക്കുമോ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly